# AURORA

Expertise the abilities





# P.P.M.HS KARAKONAM

## DIGITAL MAGAZINE

little KITEs

പുണ്യാത്മാവിന്റെ പാവനസ്മരണയ്ക്കു മുന്നിൽ വിനയപൂർവ്വം സമർപ്പിക്കുന്നു





**ആദരണീയനായ അദ്ധ്യാപകകുലപതിക്ക് സ്നേഹപുഷ്പങ്ങൾ**

**അർപ്പിച്ചുകൊണ്ട് പ്രണാമം**

ഒരു വാക്ക്,

ഇവിടെ ഒരു കുഞ്ഞു മാഗസീൻ ജനിക്കുന്നു. അറിവിന്റെ ആദ്യാക്ഷരങ്ങൾകൊണ്ട് തീർത്ത രചനകളാൽ സമ്പുഷ്ടമായ, കൊച്ചു കൂട്ടുകാരുടെ ഒരു സംരംഭം.

പുസ്തകങ്ങൾക്കപ്പുറത്തേക്ക് നീളുന്ന സർഗ്ഗാത്മകത... മനോഹരങ്ങളായ കവിതകൾ, കഥകൾ, ചിത്രങ്ങൾ. എല്ലാ കുഞ്ഞുമനസ്സുകളി - ലെയും ഭാവന വിസ്മയാവഹമാണ്.എഴുത്തും വായനയും വളർത്തുന്നതിനോടൊപ്പംശാസ്ത്ര സാങ്കേതിക മേഖലയിലെ നൈപുണ്യം വികസിപ്പിക്കാനും ഈ സംരംഭം കുട്ടികൾക്ക് പ്രചോദനമേകമെന്ന് പ്രത്യാശിക്കുന്നു

എഡിറ്റർ

ഐശ്വര്യ A U (9 G)

# Paramu Pilla Memmorial High School Karakonam








## മഴവില്ല്

മാനത്തിൽ മിന്നിത്തിളങ്ങും മഴവില്ലേ
മോഹിനീ നിൻ മേനി എന്തു ചന്തം
വാനിലിരുന്നു നീ പുഞ്ചിരിതൂകുമ്പോൾ
വാക്കുകളില്ലെന്റെ ആകാംക്ഷയ്ക്ക്
പൂക്കളം പോലെ വിടർന്ന നിൻ സൗന്ദര്യം
കാണുവാനൊത്തിരി ചേലുതന്നെ
ആകാശമുറ്റത്തു നീ വന്നു നിൽക്കുമ്പോൾ
ആളുകൾ കാണുവാൻ ഓടിയെത്തും
മയിലുകൾ പീലി വിരിച്ചാടി നില്പായി
മാരിവില്ലേ നിന്നെ കണ്ടിടുമ്പോൾ
അല്പനേരംമാത്രം ആനന്ദം തൂകിട്ട്
അപ്സരസ്സേ നീ മറഞ്ഞുവല്ലോ

**അപർണ്ണ ജെ എസ് 9C**

## തിളങ്ങുന്ന  മഞ്ഞുതുള്ളി

മിന്നിത്തിളങ്ങുന്ന മഞ്ഞുതുള്ളിയെ
വൈരം പോലെ തിളങ്ങുന്ന മഞ്ഞുതുള്ളിയേ
മുത്തുകൾ പൊഴിഞ്ഞ് കുളിരു ചൊരിഞ്ഞു
ആകാശത്തിൻ പുത്രിയെ മഞ്ഞുതുള്ളിയേ
പ്രഭാതത്തിൽ ആഗമിക്കുന്നവരിൽ
ആരെനീ സ്പർശിക്കുന്നു
തളിരിലകളിലോ പൂഞ്ചോലയിലോ
എവിടെയും നീ വന്നു പതിയും
അറിവിൻ വെളിച്ചമേ മഞ്ഞുതുള്ളിയേ
വിഹായസ്സിൻ കണ്ണുനീരെ മഞ്ഞുതുള്ളിയേ
പ്രകൃതിയിൽ സൗന്ദര്യം വിതറിക്കൊണ്ട്
പ്രകൃത്യംബ തൻ മടിയിൽ പതിക്കൂ.



**ആര്യ എം സി  9C**

## Loving Friend



My ever loving friend
Ifeel proud of you
You have stood as my inspiration
You shared my sorrows
You mademe feel strong
You gaveme great enthusiasm
You are the only friend who touch my soul
And you will be my everlasting Friend
You left me so early
But my heart is bound to say
You are here with me
My heart overflowswith pride
To proclaim my love my friend
And I always love my friend
My sweet friend!

ANCY .B.T 10 E

## MY ELEPHANT THINKS I AM WONDERFUL

My elephant thinks I am wonderful
My elephant thinks I am cool
My elephant hangs around with me,
And follows me in to school
My elephant likes the way I look ,
He thinks that I am fun and smart,
He thinks that I am kind and generous,
And have a terrific heart.
My elephant thinks I am brave and hold ,
He is proud of my strength and guts
But mostly he likes the way I smell
My elephant thinks I have wits.
-KENN NESBITT



ARCHANA B S (7B)

# വിട പറയും നേരം

ശൂന്യമായ മരുഭൂമിയിൽ
ജ്വലിക്കും മണൽതരികൾ പോലെ
മനസ്സ് ജ്വലിക്കുമ്പോൾ
സ്നേഹത്തിൻ അനശ്വരതീർത്ഥവുമായ്
എന്നെ തണുപ്പിച്ചവർ
എന്നോട് വിട പറയുന്നു
ജീവിതം പുണ്യഗംഗയായ്
ഒഴുകുകയാണെന്നു തോന്നും
എൻജീവിതത്തിൻ വഴിയോരങ്ങളിൽ
ഒരായിരം സ്നേഹപൂക്കളുമായി
എന്നെ കാത്തിരുന്നവർ
ഇന്നാവഴികളെ നോക്കുമ്പോൾ
തന്നെ മിഴികൾ നിറയുന്നു
ഒരായിരം സ്നേഹം നൽകി
എന്നെ ചിരിക്കാൻ പഠിപ്പിച്ചവർ
ഞാൻ തഴുകിയ മണൽ തരികൾ,
ഉറക്കിയ മലകൾ,ഉണർത്തിയ പൂക്കൾ,
കളിച്ച കാടുകൾ,ജീവിത സാഫല്യത്തിൽ
എന്നോടൊപ്പം യാത്ര ചെയ്തവർ
പരിഭവം പറഞ്ഞീലാ പിണങ്ങീലാ
എന്നിട്ടുമവരെന്നെ തനിച്ചാക്കിയകലുന്നു
ലക്ഷ്യം പിഴച്ച ജീവിതം
ഒഴുകാൻ മടിക്കുമ്പോൾ
അടഞ്ഞവഴികളെ തള്ളിതുറന്ന്
മാനസത്തോണി തീരത്തണയുന്നു
തടയില്ല ഞാനെൻ മനസ്സിന്റെയാത്ര
എന്നോടൊപ്പം ചിരിച്ചും തഴുകിയും
കളിച്ചും നടന്ന എന്റെ കൂട്ടുകാർ
ഒരുനാൾ എന്നെത്തേടി വന്നാൽ,
ഞാനൊരു ജലകണമാകും ഞങ്ങളൊന്നാകും
ഒരുമിച്ചു ഒഴുകും വിടപറയുന്നവരുടെ സ്വപ്നമിത്.

**നിഖിത (9C)**

# Albert Einstein

**(1879-1955 AD)**

Born on 1879 in um, Einstein is considered as one of the greatest revolutionary scientist the world has ever known.

The “Man of Century’’has some spectacular works in physics which even makes him father of modern physics for his contribution in developing the general theory of relativity.The world’s modt famous equationE=mc2 on which the bomb is based comes from his theory.

One of the greatest scientist of the $20^{th}$ centuary einstein’s special theory of relativity revolutionized physics which even challenged the scientist at CERN.Albert Einstein’s genius mind for the scientific advancement cause immeasurable change to the world.Together with his intellect,he was also a celebrity with his hirtatious behaviour that could impress any women.

This rare genius was awarded Nobel Prize in 1921 “For his work on theoretical physics, and for his discovery of the photoelectric effect”.Greatest physicist ev er voted einstein died on 1955 in Princeton.

**ANANDHU (9F)**

# VIYOMIA AND HER BROTHER

Once a girl lived in California. Her name was Viyomia. She looked very smart and beautiful. She had an elder brother. Both of them loved each other. One day her brother underestimated her character and beat her. By weeping bitterly on this action, she set out to school. On the way she thinking about the strange behaviour of her brother. Suddenly the people on the road side heard a screaming sound. They rushed to the spot and found a girl met with an accident. People carried her to the nearby hospital. Somebody informed it to her brother. He came to the hospital and confessed his mistake. There after Viyomia decided to live better as per the wishes of her

VISHNU MAYA (8F)

# എന്റെ സൂര്യൻ



ഉഷസ്സലുണർന്ന ചെന്താമരപോലെ
ഉഷ്ണത്തിൽ ചെമന്ന ധരിത്രിപോലെ
ഉർവിയെ കരിക്കുന്നകനലുപോലെ
പുലർവാനിൽ ഉദിച്ച എന്റെ സൂര്യൻ
പൊന്നിനെക്കാൾ തിളക്കമുള്ളവൻ
വിണ്ണിനെക്കാൾ വലുപ്പമുള്ളവൻ
കൊടും തണ്ണുപ്പിനെയുംകുരിരുട്ടിനെയും
തുടച്ചുനീക്കും എന്റെ സൂര്യൻ
അഷ്ടഗ്രഹങ്ങളെയും,സകലതാരങ്ങളെയും
മഞ്ഞിനെയും ,മഴയെയും കാറ്റിനെയും
നിയന്ത്രിച്ച് സ്വയം കത്തുന്ന തീഗോളം
കർമ്മസാക്ഷിയായ എന്റെ സൂര്യൻ
ചുറ്റിനടക്കുന്ന ഗ്രഹങ്ങളോടെല്ലാം
ഉറ്റുനോക്കി കിന്നരിക്കുന്നവൻ
പൊന്നുപോലുള്ള തൻ പ്രഭയൊക്കെയും
മന്നിലേക്ക് വിതറുന്ന എന്റെ സൂര്യൻ




ശ്രീലക്ഷ്മി എസ്എസ്
10 F

**സംസ്കൃതം ഉപന്യാസരചന യ്ക്ക് സംസ്ഥാനതലത്തിൽ A Grade കരസ്ഥമാക്കി**
**ശ്രീലക്ഷ്മി എസ് എസ്**



# ആദരവ് അംഗീകാരം







# കലോത്സവ കാഴ്ചകൾ










# ഗാനമാലിക








ലളിതഗാനത്തിന് മൂന്ന് വർഷം തുടർച്ചയായി സബ് ജില്ലയിൽ ഒന്നാംസ്ഥാനം

**അഞ്ജന എ എസ് 9 G**

ഭരതനാട്യത്തിന് കഴിഞ്ഞ
അഞ്ചുവർഷമായി സബ് ജില്ലയിൽ ഒന്നാം സ്ഥാനം
A Grade
തീർത്ഥ എ എസ് 9E







താളക്കൊഴുപ്പ്-മേളത്തഴക്കം
മത്സരവേദിയിൽ


# കലോത്സവത്തിന്റെ സമ്മാനവുമായി *2019-2020*



## Little Lamb

**Vishnu 10F**

Little Lamb, who made you?
Do you know who made you?
Gave you life and did you feed,
By the stream and over the mead
Gave the clothing of delight,
Softest clothing, wooly bright
Gave you such a tender voice
Making all the vales rejoice?
Little Lamb, who made you?
Do you know, who made you?






## അമ്മ

അമ്മയോടുള്ള സ്നേഹമെത്രവലുതാണ്
അമ്മതൻ ചുംബനമെന്ന പോലെ
ആദ്യാക്ഷരത്തിൽ തുളുമ്പുന്ന വാക്കുകൾ
അമ്മ തരുന്നത് മാത്രമാണ്
അമ്മ എന്നക്ഷരം നാവിൽ തുളുമ്പുമ്പോൾ
എന്തെന്തു സന്തോഷമായിരിക്കും
അമ്മ പകരുന്ന സ്നോഹമാം വാത്സല്യം
അമ്മിഞ്ഞ പാലു പോൽ മധുരമാണ്
കോപിച്ചീടുമമ്മ തെറ്റുകൾ കാണുമ്പോൾ
കോപത്തിലും കാണാം സ്നേഹ ഭാവം
പകരം കൊടുക്കുവാനാകില്ലൊരു നാളും
അമ്മ എൻ കാണായ ദൈവമെന്നും.

**ശാന്തി കൃഷ്ണ. എം .എസ്**

## Friendship

A friend is one who comes
Into our lives as a
Bright morning star
Who guide us
When we go wrong in life
Who scold us
When we are in distress
Who encourage us?
When they need a part of us
Who need us?
When they hunger for true fiction



**Aparna.M.J 10**

## ഉദയ സൂര്യൻ



വീണ്ടുമൊരു പ്രഭാതം കൂടി
എന്റെ മനസ്സിന്റെ താളുകളിൽ
ഓർമ്മപ്പെടുത്തലായ്
ഇന്നുമെൻ ജാലകത്തിനരികിൽ വന്ന്
ആയിരം കൈകളാലെന്നെ മാടി വിളിക്കും
ആയിരം ഇരുട്ടിന്റെ കണ്ണു പൊത്തി മാറ്റിയിട്ട്
പ്രകാശത്തിന്റെ ചെപ്പു തുറക്കും
പ്രപഞ്ചത്തിന് പ്രകാശ ലഹരിയായി
മലമടക്കിന് മകുടമായി
മന്ദഹാസം പൊഴാച്ചു നിൽക്കും
എന്റെ പ്രിയ ചങ്ങാതിക്കു വന്ദനം
സമസ്ത ജീവജാലങ്ങളും
ദീർഘനേര സുനിദ്രയിൽ നിന്നും
മെല്ലെ മെല്ലെ ഉണർന്നു തുടങ്ങി
ഇത്തിരി നേരം  കൊതിപ്പിച്ചു നിന്നു നീ
പെട്ടെന്നെങ്ങോട്ടോ പോയ് മറഞ്ഞു
പിന്നെയും നീ വരുമെന്നു പ്രതീക്ഷിച്ചെൻ
ജാലക വാതിൽ തുറന്നു വച്ചു............

**ഐശ്വര്യ . യു ( 9G)**

## നിലാവ്

മേലേമാനത്തെ വെണ്ണിലാക്കിണ്ണം
ചാഞ്ഞൊന്നു വീണുവെൻ സുന്ദര ഭൂവിൽ
ചിതറിമാറിയ പൊൻതരിവെട്ടങ്ങൾ
എൻ മലർ വാടിയിൽ വിടരുന്നു

കാലം കടന്നുപോമീ ജീവിതചര്യയിൽ
ഒരു കുഞ്ഞു തുള്ളിയായ് നാം.
ആ കുഞ്ഞുതുള്ളികൾ എൻ മലർവാടിയിൽ
ജീവൻ പകരുവാൻ വന്നു.



ആശ്വാസമേകുവാനെത്തിയീ വാടിയിൽ
ഒരു കുഞ്ഞു നിലാവായ് എന്നും
മുറ്റത്തിനൈശ്വര്യം ചാർത്തുമാ വാടി തൻ
കാവലായ് എന്നും നിലാവ്

പുഞ്ചിരി തൂകുമാ അമ്പിളി മാമന്റെ
ചുണ്ടിലെ തേജസ്സാണാ നിലാവ്
താരക മണിമാല ചൂടിയ വിഹായസ്സിൻ
കരമേന്തിയ ദീപമാണാനിലാവ്.

**അപർണ്ണ . ജെ . എസ് (9C)**

# DIFFERENT PROGRAMMES



വായനയുടെ വസന്തം



# ഉദ്ഘാടനങ്ങൾ








**അഭിമാനതാരങ്ങൾ**

**അക്ഷരമുറ്റം ക്വിസ്സ് വിജയികൾ GOPIKA PS &MEKHAMANJARI**



**സോഷ്യൽ സയൻസ് ക്വിസ്സ് വിജയി**

**മേഘമഞ്ജരി 10 E**





# യോഗ

# കരാട്ടെ





# സ്കൗട്ട് & ഗൈഡ്








# ശാസ്ത്രമേള


HYDRAULIC CRANE AND HYDRAULIC LIFT
PRINCIPLE - PASCALS LAW
PASCALS LAW




HYDRAULIC CRANE
PRINCIPLE




WATER LEVEL ALARM



# LITTLE KITE MEMBERS





- ശുഭം -